# M.J.S.S.A. വാർഷിക പരീക്ഷ - 2018

**Class IV** **Marks - 45+5= 50**
**Time - 2.30 Hrs**

**I. ബ്രാക്കറ്റിൽ നിന്നും ശരിയുത്തരം കണ്ടെത്തി എഴുതുക. (ഏതെങ്കിലും 8 എണ്ണം)** **8x1/2=4**

1. യേശുവിനെ വിരുന്നിന് ക്ഷണിച്ച പരീശപ്രമാണി ?
(യോഹന്നാൻ, ശീമോൻ, സഖായി)
2. ബാബേൽ എന്ന വാക്കിന്റെ അർത്ഥം
(കലഹം, ഗോപുരം, രക്തം)
3. യേശു ഏറ്റവും കൂടുതൽ സ്നേഹിച്ച ശിഷ്യൻ
(വി.തോമസ്, വി. പത്രോസ്, വി.യോഹന്നാൻ)
4. നാബോത്തിനെ കൊന്നതെങ്ങനെ ?
(കല്ലെറിഞ്ഞ്, ശിരച്ഛേദം ചെയ്ത്, പൊട്ടകിണറ്റിലിട്ട്)
5. യരുശലേം ദൈവാലയത്തിൽ എവിടെയാണ് ദൈവത്തിന്റെ നിയമപെട്ടകം സ്ഥാപിച്ചത്
(അതിവിശുദ്ധ സ്ഥലം, വിശുദ്ധ സ്ഥലം, പ്രാകാരം)
6. പെസഹായ്ക്ക് എത്ര ദിവസം മുമ്പാണ് ഓശാനപെരുന്നാൾ ?
( 7, 4, 5 )
7. "നഗ്നനായി ഞാൻ എന്റെ അമ്മയുടെ ഉദരത്തിൽ നിന്ന് വന്നു. നഗ്നനായിത്തന്നെ മടങ്ങിപ്പോകും. ദൈവം തന്നു. ദൈവം എടുത്തു. ദൈവനാമം വാഴ്ത്തപ്പെടുമാറാകട്ടെ" ഇത് ആരുടെ വാക്കുകൾ ?
( കുഷ്ഠരോഗി, ഇയ്യോബ്, യാക്കോബ് )
8. ആഹാബ് രാജാവിന്റെ അടുക്കൽ വന്ന പ്രവാചകൻ
( ഏലിയ, ഏശായാ, യിരെമ്യാവ്)
9. ഭവന ശുദ്ധീകരണ കൂദാശയ്ക്ക് വായിക്കുന്ന ഏവൻഗേലിയോൻ വായന ഭാഗം ആരുടെ മാനസാന്തരത്തെ കുറിച്ചാണുള്ളത് ?
(സഖായി, ഏശാവ്, ശിംശോൻ)
10. ഏതു ഗോത്രത്തിലാണ് ശിംശോൻ ജനിച്ചത് ?
( ദാവീദ്, ബന്യാമിൻ, ദാൻ)

**II. പൂരിപ്പിക്കുക. (ഏതെങ്കിലും 4 എണ്ണം)** **4x1=4**

11. 'നിന്റെ വിശ്വാസം നിന്നെ ............................................'
12. ഇസ്രായേൽക്കാരനായ ........................... ന് ആഹാബിന്റെ കൊട്ടാരത്തിന് സമീപം ഒരു മുന്തിരിത്തോട്ടം ഉണ്ടായിരുന്നു.
13. ഞാനാകുന്നു .........................വും ജീവനും എന്നിൽ വിശ്വസിക്കുന്നവൻ ആരും ഒരിക്കലും മരിക്കയില്ല.
14. .......................... എന്നാകുന്നു ശിംശോന്റെ പിതാവിന്റെ പേര് ?
15. നോഹിന്റെ മക്കൾ കിഴക്ക് നിന്ന് പുറപ്പെട്ട് ......................... ദേശത്ത് വന്നു പാർത്തു.
16. ............................ എന്നാണ് ഇയ്യോബിനെ ദൈവം വിളിച്ചത് ?

**III. ശരിയോ തെറ്റോ എന്നെഴുതുക. (ഏതെങ്കിലും 8 എണ്ണം)** **8x1/2 = 4**

17. 'എന്റെ കർത്താവേ! അങ്ങ് ഇവിടെ ഉണ്ടായിരുന്നെങ്കിൽ എന്റെ സഹോദരൻ മരിക്കുമായിരുന്നില്ലല്ലോ' എന്ന് മറിയം യേശുവിനോട് പറഞ്ഞു.
18. വിവേകമുള്ള ഒരു ഹൃദയം മാത്രം ആവശ്യപ്പെട്ട ശലോമോനെ ദൈവം മറ്റെല്ലാം നല്കി അനുഗ്രഹിച്ചു.
19. യേശു സംസാരിച്ച ഭാഷ ഹീബ്രുവാകുന്നു.
20. എ.ഡി.37 ൽ വി.പത്രോസ് ശ്ലീഹ അന്ത്യോഖ്യായിൽ സിംഹാസനം സ്ഥാപിച്ചു.
21. ആഹാബിന്റെ ഭാര്യയുടെ പേര് ബെത്ത്ശേബ എന്നായിരുന്നു.
22. യോർദ്ദാൻ നദിയുടെ കിഴക്ക് ഭാഗത്തുള്ള ഒരു പട്ടണമാണ് യറീഹോ.
23. പാപിനിയായ സ്ത്രീ വെള്ളം കൊണ്ട് യേശുവിന്റെ പാദം കഴുകി തൂവാല കൊണ്ട് തുടച്ചു.
24. സോരേക്ക് താഴ്‌വരയിൽ പാർത്തിരുന്ന ദലീല ഫെലിസ്ത്യരുടെ കൈയ്യിൽ നിന്നും കൈക്കൂലി വാങ്ങി ശിംശോനെ ചതിച്ചു.

*മറുപുറം*

25. 'നീ വിശ്വസിക്കുമെങ്കിൽ ദൈവത്തിന്റെ മഹത്ത്വം കാണുമെന്ന് ഞാൻ നിന്നോട് പറഞ്ഞില്ലയോ?' എന്ന് യേശു മാർത്തയോട് പറഞ്ഞു.
26. 'സന്തോഷം പങ്കുവയ്ക്കുമ്പോൾ അത് ഇരട്ടിയാകും' ദുഃഖം പങ്കുവയ്ക്കുമ്പോൾ അത് പകുതിയാകും'

**IV. ചേരുംപടി ചേർക്കുക. 4x1 = 4**

27. ദൈവം - തിമ്ന
28. ശിംശോൻ - ജ്ഞാനികളിൽ ജ്ഞാനി
29. സക്കായി - ഭാഷകളുടെ തുടക്കം
30. ശലോമോൻ - യഹൂദൻ

**V. ആര് ആരോട് പഞ്ഞു (ഏതെങ്കിലും 2 എണ്ണം) 2x1 = 2**

31. 'ഇപ്പായസത്തിൽ നിന്നെനിക്കിത്തിരി
നല്കിടുകെന്റെ ദാഹം ശമിക്കട്ടെ'
32. 'നിന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു. നിന്റെ വിശ്വാസം നിന്നെ ജീവിപ്പിച്ചിരിക്കുന്നു.'
33. 'എന്റെ പാദങ്ങൾ മാത്രമല്ല എന്റെ കൈകളും തലയും അവിടുന്ന് കഴുകണമെ'

**VI. ഉത്തരം എഴുതുക. (ഏതെങ്കിലും 4 എണ്ണം) 4x4 =16**

34. ആശയപടം പൂർത്തിയാക്കാം.
യേശു നമ്മുടെ ഹൃദയത്തിലേക്ക് എഴുന്നള്ളി വരുമ്പോൾ നാം നമ്മുടെ ഹൃദയങ്ങളെ എങ്ങനെ ഒരുക്കണം ?



35. എന്തുകൊണ്ടാണ് ഞായറാഴ്ച കർത്തൃദിനമായി ആചരിക്കുന്നത് ?
36. ദൈവം ഫറവോ രാജാവിന്റെ മേൽ വരുത്തിയ പത്ത് ബാധകളിൽ 4 എണ്ണം എഴുതുക.
37. സ്വർഗ്ഗരാജ്യം അവകാശമാക്കുവാൻ നാമെന്തെല്ലാം ചെയ്യണം. പദസൂര്യനിൽ ഒരെണ്ണം നല്കുന്നു. ബാക്കി പൂരിപ്പിക്കുക.



38. പരി. ദൈവമാതാവിനെകുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക.

## VII. പ്രസംഗം തയ്യാറാക്കാം (ഏതെങ്കിലും ഒന്ന്) 1x4 =4

39. ഇടുക്കി ഡാം തുറന്നപ്പോൾ ചെറുതോണി പാലത്തിലൂടെ പനി ബാധിച്ച ഒരു കുട്ടിയെ എടുത്തുകൊണ്ട് ഒരാൾ ഓടുന്ന ദൃശ്യം നിങ്ങളുടെ മനസ്സിൽ ഇല്ലെ ? സങ്കീർണ്ണമായ രക്ഷാപ്രവർത്തനത്തിലൂടെയാണ് പനിബാധിച്ച കുട്ടിയെ രക്ഷപെടുത്തിയത്. ആ കുട്ടി നിങ്ങളാണെന്ന് സങ്കല്പിക്കൂ.. നിങ്ങളെ രക്ഷപെടുത്തിയവരോടും യേശുവിനോടും നന്ദി പറയുന്ന ഒരു പ്രസംഗം തയ്യാറാക്കുക. (നന്ദി പറയുന്ന കുഷ്ഠരോഗി എന്ന പാഠത്തിലെ ആശയം ഉപയോഗപ്പെടുത്തുക)

അല്ലെങ്കിൽ

'തന്നത്താൻ ഉയർത്തുന്നവൻ താഴ്ത്തപ്പെടും തന്നത്താൻ താഴ്ത്തുന്നവൻ ഉയർത്തപ്പെടും ' (വി.മത്തായി 23:12). ഈ വാക്യത്തെ ആധാരമാക്കി സമൂഹത്തിൽ നാം എങ്ങനെ പെരുമാറണം എന്നതിനെകുറിച്ച് ഒരു ലഘു പ്രസംഗം തയ്യാറാക്കുക. പദസഞ്ചിയിലെ സൂചകങ്ങൾ ഉപയോഗപ്പെടുത്തു.

* ശുശ്രൂഷകനായ യേശു
* കാൽകഴുകൽ
* അച്ചടക്കം
* അനുസരണം

## VIII. ആരാധനഗീതം എഴുതുക 1x3 =3

40. തിരുസുതരായ് വരുവാൻ നമ്മെ
.......................................... ദൈവസുതൻ

## IX. പ്രാർത്ഥന എഴുതുക 1x4 =4

41. കർത്താവേ നിന്നെ ഞാൻ വിളിച്ചുവല്ലോ
.......................................... സൂക്ഷിപ്പുകാരനെയും നിയമിക്കണമെ

## X. സഭാചരിത്രം പ്രൊജക്റ്റ് 5 മാർക്ക്

( സർക്കുലർ 7/2018 1/ C നോക്കുക )